LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിന്റെ അധീനതയിൽ 45 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

(ബി) 2020-21 ബഡ്ജറ്റിൽ പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് ബഡ്ജറ്റ് വിഹിതമായി നൽകിയത്; ഓരോ സ്ഥാപനത്തിനുമുള്ള ബഡ്ജറ്റ് വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 260.79 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. ഓരോ സ്ഥാപനത്തിനുമുള്ള ബഡ്ജറ്റ് വിഹിതം അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടി

109(378) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയെ ലാഭകരമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സാങ്കേതിക വിദ്യയുടെ കാലാനുസൃതമായ നവീകരണം, ഉത്പന്ന വൈവിധ്യവത്കരണം എന്നിവ കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതിനാലാണ് നഷ്ടത്തിലേയ്ക്ക് പോകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ?

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി 26-5-2021-ൽ ചേർന്ന യോഗം അവയുടെ പ്രവർത്തന മേഖലയേയും മുൻകാല പ്രവർത്തനങ്ങളേയും നിലവിലെ സ്ഥിതിയേയും ഭാവി പദ്ധതികളേയും സംബന്ധിച്ച് അവലോകനം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളേയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ആധുനികവത്കരണം, വിപുലീകരണം, വൈവിധ്യവത്കരണം, ധനപരമായ പുനഃസംഘാടനം എന്നിവയിലൂടെ വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉത്പന്നങ്ങൾക്ക് പുറമേ അനുയോജ്യമായ വൈവിധ്യവത്കരണ പദ്ധതികളും തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനി തലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021-ഓടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനും എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും വിവര സാങ്കേതികവിദ്യ അധിഷ്ഠിതമായ ഭരണനിർവ്വഹണ സംവിധാനങ്ങൾ (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) ഏർപ്പെടുത്തുവാനും പൊതുമേഖലാ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

110(379) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാർക്ക് ഒന്നാംഘട്ട ലോക്ഡൗൺ കാലത്ത് (2020 മാർച്ച്, ഏപ്രിൽ) തടഞ്ഞുവച്ചിരിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?